

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 3. ഏകതത്വവാദവും മതവിശ്വാസവും

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


3 ഏകതത്വവാദവും മതവിശ്വാസവും . . . . . . . . . . . 1

1 ഏകതത്വവാദം . . . . . . . . . . . . 2

2 ഭൗതികസത്തയും ചേതനയും . . . . 3

3 ആത്മീയവാദവും മതവും . . . . . . . . 4

4 മതം പുരോഗമനപരമോ പിന്തിരിപ്പനോ? . . . . . . . . . . . . 5

# 3

# ഏകതത്വവാദവും മതവിശ്വാസവും

പ്രാചീനാര്യന്മാർ ബഹുദൈവവിശ്വാസികളായിരുന്നു. അവർ ഒരേസമയത്തുതന്നെ പ്രകൃതിശക്തികളുടെ രൂപത്തിലുള്ള ഇന്ദ്രൻ, വരുണൻ, അഗ്നി, ഉഷസ്സ് എന്നിങ്ങനെ ഒട്ടനവധി ദൈവങ്ങളെ ആരാധിച്ചു. ദൈവങ്ങളുടെ പ്രീതി സമ്പാദിക്കാൻ വേണ്ടി അവർ പ്രാർത്ഥനകളും യാഗങ്ങളും നടത്തി. കാലക്രമത്തിൽ പ്രകൃതിദൈവങ്ങൾക്ക് ജനങ്ങളുടെ അന്വേഷണബുദ്ധിയെ തൃപ്തിപ്പെടുത്താൻ കഴിയാതെയായി. എല്ലാ ദൈവങ്ങൾക്കും ഒരുപോലെ ശക്തിയുണ്ടോ? ഏതു ദൈവത്തിനാണ് കൂടുതൽ ശക്തി? ഇന്ദ്രൻ എന്ന ദൈവം നിലനിൽക്കുന്നു എന്നതിന് എന്താണ് തെളിവ്? മനുഷ്യനെ ദൈവം നിയന്ത്രിക്കുന്നു എങ്കിൽ ദൈവത്തെ നിയന്ത്രിക്കുന്നതാരാണ്? എല്ലാ ദൈവങ്ങളെയും നിയന്ത്രിക്കുന്ന മറ്റൊരു ദൈവമുണ്ടോ? ഇത്തരം ചോദ്യങ്ങളും സംശയങ്ങളും ഉയർന്നുവന്നു. ഋഗ്വേദത്തിന്റെ അവസാനമായപ്പോഴേക്കും ബഹുദൈവവിശ്വാസം ഏകദൈവവിശ്വാസത്തിനു വഴിമാറി കൊടുത്തു. നിരവധി കുലഗോത്രങ്ങളടങ്ങിയ ഒരു ഭൂപ്രദേശത്തിലെ സാമൂഹ്യജീവിതത്തെയാകെ രാജാവോ കുലത്തലവനോ നിയന്ത്രിക്കുന്നതുപോലെ, മനുഷ്യനും പ്രകൃതിയും പ്രപഞ്ചവുമടങ്ങിയ ബ്രഹ്മാണ്ഡത്തെയാകെ ഒരൊറ്റ ദൈവം നിയന്ത്രിക്കുന്നു എന്ന വിശ്വാസം ഉയർന്നുവന്നു. ഇന്ദ്രനും വരുണനും അഗ്നിയും ഉഷസ്സും എല്ലാം യഥാർത്ഥത്തിൽ ഒന്നാണെന്നും പല പേരുകളിലും വിളിക്കപ്പെടുന്ന ആ ഏകമായ ശക്തിവിശേഷത്തിൽ നിന്നാണ് മറ്റെല്ലാം ഉത്ഭവിച്ചത് എന്നും വിശ്വസിക്കപ്പെടാൻ തുടങ്ങി. ഋഗ്വേദത്തിന്റെ അവസാനത്തെ മണ്ഡലത്തിൽ എല്ലാറ്റിന്റെയും സൃഷ്ടികർത്താവായി ഹിരണ്യഗർഭൻ, വിശ്വകർമാവ്, വിരാട്പുരുഷൻ എന്നും മറ്റും വിളിക്കപ്പെട്ട ഏകവും പരമവുമായ ഒരു ശക്തിവിശേഷത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ കാണാം. പക്ഷേ, പ്രാചീനാര്യന്മാരുടെ സത്യാന്വേഷണതൃഷ്ണ അവിടെയും അവസാനിച്ചില്ല. ഏകവും പരമവുമായ ആ ശക്തിവിശേഷം എങ്ങനെ ആവിർഭവിച്ചു? ആരംഭത്തിൽ സത്തും അസത്തുമല്ലാത്ത, അമൂർത്തമായ ശൂന്യതയല്ലാതെ മറ്റൊന്നുമില്ലാത്ത, ഒരു സ്ഥിതിവിശേഷം ഉണ്ടായിരുന്നുവോ?

## 1 ഏകതത്വവാദം

ഉപനിഷത്തിലെ ഋഷികൾ എല്ലാറ്റിന്റെയും മൂലകാരണമെന്തെന്നു കണ്ടുപിടിക്കാൻ ശ്രമിച്ചു. പ്രകൃതിശക്തികളുടെയോ മനുഷ്യരുടെയോ രൂപത്തിലുള്ള ദൈവങ്ങൾക്ക് അവരുടെ അന്വേഷണബുദ്ധിയെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. മനുഷ്യനും പ്രകൃതിയും ദൈവസൃഷ്ടികളാണോ? അതോ, മറ്റേതെങ്കിലും മൗലികവസ്തുവിൽ നിന്നു പരിണമിച്ചുണ്ടായവയോ? മനുഷ്യൻ ജനിക്കുകയും സുഖദുഃഖങ്ങളനുഭവിച്ചുകൊണ്ട് കുറെക്കാലം ജീവിച്ചിരിക്കുകയും ഒടുവിൽ മരിക്കുകയും ചെയ്യുന്നതിന് വല്ല പ്രത്യേക കാരണവുമുണ്ടോ? എന്താണീ ജീവിതം? ജീവിതത്തിന് പ്രത്യേകമായ വല്ല അർത്ഥമോ ലക്ഷ്യമോ ഉണ്ടോ? മരണത്തോടുകൂടി എല്ലാം അവസാനിക്കുമോ? അതോ, മരണത്തിനുശേഷവും ആത്മാവ് നിലനിൽക്കുമോ? എന്താണാത്മാവ്? എല്ലാ മനുഷ്യരിലും നിലനിൽക്കുന്ന ആത്മാവ് ഒന്നുതന്നെയാണോ? വ്യക്തിയും സമൂഹവും തമ്മിലും മനുഷ്യന്റെ ആത്മാവും പ്രപഞ്ചത്തിന്റെ ആത്മാവുമായ ബ്രഹ്മവും തമ്മിലുമുള്ള ബന്ധമെന്താണ്? എന്താണ് ബ്രഹ്മം? മാറിക്കൊണ്ടിരിക്കുന്ന പ്രാപഞ്ചികപ്രതിഭാസങ്ങളുടെ പിന്നിൽ മാറ്റമില്ലാത്ത വല്ല തത്വവുമുണ്ടോ? മനുഷ്യനും പ്രപഞ്ചവും എവിടെ നിന്നുത്ഭവിക്കുന്നു? എവിടെച്ചെന്നവസാനിക്കുന്നു? ആദികാരണമെന്താണ്? മനുഷ്യനും സർവചരാചരങ്ങളും പ്രകൃതിയും പ്രപഞ്ചവും എല്ലാം മൗലികമായ ഒരൊറ്റ തത്വത്തിൽ നിന്നു പരിണമിച്ചുണ്ടായവയാണെന്നു കരുതിക്കൂടേ? അങ്ങനെയാണെങ്കിൽ എല്ലാറ്റിന്റെയും ഉറവിടവും ലക്ഷ്യസ്ഥാനവുമായ ആ ഏകതത്വത്തിന്റെ സ്വഭാവമെന്താണ്?

ഏകദൈവവാദവും ഏകതത്വവാദവും ഒന്നല്ല. ആദ്യത്തേത് സർവജ്ഞനും സർവശക്തനും സൃഷ്ടിസ്ഥിതിസംഹാരകർത്താവും മറ്റും മറ്റുമായ ഒരു ഈശ്വരനുണ്ടെന്ന മതവിശ്വാസമാണ്. രണ്ടാമത്തേതാകട്ടെ, മനുഷ്യനും ലോകവും പ്രകൃതിയും പ്രാപഞ്ചികപ്രതിഭാസങ്ങളും എല്ലാം ആത്മീയമോ ഭൗതികമോ ആയ ഒരൊറ്റ മൗലികവസ്തുവിൽ നിന്ന് ഉത്ഭവിച്ചവയാണ് എന്ന് ഉൽബോധിപ്പിക്കുന്ന ഒരു ദാർശനികസങ്കൽപ്പമാണ്. പ്രപഞ്ചഘടനയുടെ ആരംഭവും അവസാനവും ആ ഒന്നാണ്; തുടക്കവും ലക്ഷ്യസ്ഥാനവും അതുതന്നെ.

ഏകതത്വവാദത്തെ ഉയർത്തിപ്പിടിച്ചവർ പലതരക്കാരായിരുന്നു. അവരിൽ ആത്മീയവാദികളുമുണ്ടായിരുന്നു, ഭൗതികവാദികളുമുണ്ടായിരുന്നു. മനുഷ്യന്റെയും പ്രകൃതിയുടെ വിവിധങ്ങളായ പ്രതിഭാസങ്ങളുടെയും ഉറവിടം അഭൗമവും അനിർവചനീയവുമായ ഒരു അദ്ധ്യാത്മികസത്തയാണെന്ന് ആത്മീയവാദികളും, എല്ലാറ്റിന്റെയും മൂലകാരണം നിത്യവും അനാദിയുമായ ഭൗതികസത്തയാണെന്ന് ഭൗതികവാദികളും വിശ്വസിച്ചു. പ്രപഞ്ചത്തിനതീതമായ ഒരു മഹച്ഛക്തിയുണ്ടെന്ന് ഒന്നാമത്തെ കൂട്ടർ വാദിച്ചപ്പോൾ പ്രകൃതിക്കും മനുഷ്യനും ഉപരിയായി യാതൊരു ശക്തിയുമില്ലെന്ന് രണ്ടാമത്തെ കൂട്ടർ ഉറപ്പിച്ചു പറഞ്ഞു. ചില ദാർശനികന്മാർ വായുവാണ് പ്രപഞ്ചത്തിന്റെ ഉറവിടമെന്നു വാദിച്ചു. വെള്ളമാണ് മൂലകാരണം എന്നു മറ്റുചിലർ വാദിച്ചു. ചാർവാകന്മാരുടെ അഭിപ്രായത്തിൽ പൃഥ്വി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ സംയോഗത്തിൽ നിന്നാണ് സർവചരാചരങ്ങളും ഉണ്ടായത്. സത്വരജസ്തമോ ഗുണങ്ങളടങ്ങിയ അവ്യക്തമായ മൂലപ്രകൃതിയിൽ നിന്നാണ് വ്യക്തപ്രപഞ്ചം പരിണമിച്ചുണ്ടായത് എന്ന് സാംഖ്യന്മാർ വാദിച്ചപ്പോൾ ഭൗതികസത്തയുടെ അവിഭാജ്യവും അതിസൂക്ഷ്മവുമായ പരമാണുവാണ് പ്രപഞ്ചത്തിന്റെ മൂലഘടകം എന്ന് വൈശേഷികന്മാർ അഭിപ്രായപ്പെട്ടു. വേദാന്തികളാകട്ടെ, ബ്രഹ്മം എന്ന കേവലചൈതന്യമാണ് മൂലകാരണമെന്നു പ്രഖ്യാപിച്ചു. അവരുടെ അഭിപ്രായത്തിൽ എല്ലാം ബ്രഹ്മത്തിൽ നിന്നുണ്ടാകുന്നു; അവസാനം എല്ലാം ബ്രഹ്മത്തിൽ ചെന്നു ലയിക്കുന്നു; പ്രപഞ്ചമാകട്ടെ ബ്രഹ്മമയമാണ്.

ഇങ്ങനെ, ഏകതത്വവാദികൾ—അവർ ഭൗതികവാദികളായാലും ശരി, ആത്മീയവാദികളായാലും ശരി—പ്രപഞ്ചമാകെ, ഭൗതികവസ്തുക്കളും ബുദ്ധിയും ചേതനയും ശരീരവും ആത്മാവും എല്ലാം, ഒരൊറ്റ മൂലതത്വത്തിൽ നിന്ന് ഉത്ഭവിച്ചവയാണെന്ന് വാദിച്ചു: ഒന്നുകിൽ അനാദിയും നിത്യവുമായ ഭൗതികസത്തയിൽ നിന്ന്; അല്ലെങ്കിൽ നിത്യവും കേവലവുമായ ചൈതന്യത്തിൽ നിന്ന്. പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ മൂലകാരണമെന്ത് എന്നതായിരുന്നു അടിസ്ഥാനപ്രശ്നം. ആരംഭത്തിലുണ്ടായിരുന്നതേതാണ്? ഭൗതികസത്തയോ ചേതനയോ? ഭൗതികസത്തയിൽ നിന്ന് ചേതനയാവിർഭവിച്ചുവോ, അതോ മറിച്ചോ? ഭൗതികവസ്തുവും ചേതനയും—ശരീരവും ആത്മാവും—രണ്ടും സ്വതന്ത്രമായി നിലനിൽക്കുന്നുവെന്നു വാദിച്ച ദ്വൈതവാദികളെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു ചോദ്യത്തിനു പ്രസക്തിയുണ്ടായിരുന്നില്ല. എന്തെന്നാൽ, അവരുടെ അഭിപ്രായത്തിൽ രണ്ടും സ്വതന്ത്രങ്ങളാണ്; ഒന്നു മറ്റേതിന്റെ കാരണമല്ല. ഭൗതികവസ്തുവും ചേതനയും രണ്ടും ശാശ്വതമായി നിലനിൽക്കുന്നവയാണ്. അവരെ സംബന്ധിച്ചിടത്തോളം, രണ്ടും തമ്മിൽ ബന്ധപ്പെടുകയും പരസ്പരം സ്വാധീനം ചെലുത്തുകയും ചെയ്യുന്നതെങ്ങനെയെന്ന ചോദ്യത്തിനു സ്ഥാനമുണ്ടായിരുന്നില്ല. ഏകതത്വവാദികളാകട്ടെ, പ്രപഞ്ചത്തിന്റെ മൂലകാരണം ഏകവും അദ്വിതീയവുമാണെന്നു വാദിച്ചു. പ്രപഞ്ചമുത്ഭവിച്ചത് ഭൗതികസത്തയിൽ നിന്നാണെന്ന് ഭൗതികവാദികളും കേവലമായ ചൈതന്യത്തിൽ നിന്നാണെന്ന് ആത്മീയവാദികളും അഭിപ്രായപ്പെട്ടു.

ആത്മീയവാദികളിൽ പലരും ദൈവങ്ങളിലും യാഗാദിമതച്ചടങ്ങുകളിലും വിശ്വാസമുള്ളവരായിരുന്നു. പക്ഷേ, എല്ലാ ആത്മീയവാദികളും ഈശ്വരവിശ്വാസികളായിരുന്നില്ല. ഉദാഹരണത്തിന്, ബുദ്ധൻ ആത്മീയവാദിയായിരുന്നു, ഭൗതികവാദിയായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ ദർശനത്തിൽ സ്രഷ്ടാവും സർവശക്തനുമായ ദൈവത്തിനോ നിത്യമായ ഒരാത്മാവിനോ സ്ഥാനമുണ്ടായിരുന്നില്ല. ഉപനിഷത്തുക്കളിലെ ബ്രഹ്മം എന്ന സങ്കൽപ്പം, പ്രത്യേകിച്ചും ആദ്യകാലത്ത്, ഈശ്വരൻ എന്ന അർത്ഥത്തിലല്ല, കേവലമായ ശുദ്ധചൈതന്യം എന്ന അർത്ഥത്തിലാണ്, ഉപയോഗിക്കപ്പെട്ടിരുന്നത്. ബ്രഹ്മമെന്ന പാരമാർത്ഥികസത്യമെന്തെന്നു മനസ്സിലാക്കാൻ കഴിയാതെ വ്യാവഹാരിക ലോകത്തിലെ നിസ്സാരതകളെ മുറുക്കിപ്പിടിക്കുന്ന അജ്ഞാനികൾ മാത്രമേ ദൈവത്തിൽ വിശ്വസിക്കുകയുള്ളൂ എന്നാണ് വേദാന്തത്തെ അതിന്റെ പരമോന്നത പദവിയിലേക്കുയർത്തിയ ശങ്കരാചാര്യർ പോലും വാദിച്ചത്.

## 2 ഭൗതികസത്തയും ചേതനയും

പക്ഷേ, എന്താണ് ബ്രഹ്മം അല്ലെങ്കിൽ കേവലചൈതന്യം? സചേതനങ്ങളായ വസ്തുക്കളെയും അചേതനങ്ങളായ വസ്തുക്കളെയും തമ്മിൽ, ചരങ്ങളെയും അചരങ്ങളെയും തമ്മിൽ, തിരിച്ചറിയുക എളുപ്പമാണ്. മനുഷ്യന്റെ ആശയങ്ങൾ, ചിന്തകൾ, വികാരങ്ങൾ മുതലായവയെപ്പറ്റിയും മനസ്സിലാക്കാം. പക്ഷേ, മനുഷ്യനുമായി ബന്ധമില്ലാത്ത, സാമൂഹ്യജീവിയായ മനുഷ്യന്റെ മനസ്സിൽ നിന്നും തലച്ചോറിൽ നിന്നും സ്വതന്ത്രമായ, മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും ആവിർഭാവത്തിനു മുമ്പു മുതൽക്ക തന്നെ നിലനിന്നുപോന്ന, അമൂർത്തവും കേവലവുമായ ആശയം—പ്രകൃതിക്കും പ്രപഞ്ചത്തിനും അതീതമായ കേവലചൈതന്യം—അങ്ങനെയൊന്നുണ്ടോ? ഉണ്ടെന്നാണ് ഏകതത്വവാദികളായ ആത്മീയചിന്തകന്മാർ ഉറപ്പിച്ചു പറഞ്ഞത്. ഭൗതികവാദികളായ ഏകതത്വവാദികളാകട്ടെ, ആശയം, ചിന്ത, ചൈതന്യം മുതലായ പ്രതിഭാസങ്ങളെ യാന്ത്രികമായിട്ടാണ് സമീപിച്ചത്. ആധുനികശാസ്ത്രത്തിന്റെ ഗവേഷണോപാധികൾ അപ്രാപ്യങ്ങളായിരുന്നതുകൊണ്ട് അവർ തങ്ങളുടെ കണ്ടുപിടിത്തങ്ങൾക്ക് അഭ്യൂഹങ്ങളെയും സങ്കൽപ്പങ്ങളെയും മാത്രമാണാശ്രയിച്ചത്. ഉദാഹരണത്തിന്, ചില പ്രത്യേകദ്രവ്യങ്ങൾ ഒന്നിച്ചു കൂട്ടിച്ചേർത്താൽ ലഹരിപദാർത്ഥമുണ്ടാകുന്നതുപോലെയാണ് പഞ്ചഭൂതങ്ങളുടെ ഒരു സവിശേഷരീതിയിലുള്ള സംയോജനത്തിൽ നിന്ന് ചേതനയുണ്ടാകുന്നത് എന്ന ലോകായതികന്മാരുടെ അഭിപ്രായം നോക്കുക. ബുദ്ധിയും ചേതനയും ഇന്ദ്രിയങ്ങളും ഇന്ദ്രിയാനുഭൂതികളും എല്ലാം മൂലപ്രകൃതിയിൽ നിന്നു പരിണമിച്ചുണ്ടായവയാണെന്ന സാംഖ്യന്മാരുടെ വാദത്തിന്റെയും അടിസ്ഥാനം അഭ്യൂഹമായിരുന്നു. ഭൗതികപ്രപഞ്ചത്തിന്റെ വികാസപരിണാമങ്ങളിലൂടെ ജീവജാലങ്ങൾ ആവിർഭവിച്ചതെങ്ങനെയെന്ന് ശാസ്ത്രീയമായി വിശദീകരിക്കാൻ പ്രാചീനഭൗതികവാദികൾക്ക് കഴിവുണ്ടായിരുന്നില്ല. മനുഷ്യമനസ്സും ബാഹ്യജഗത്തും തമ്മിലുള്ള ബന്ധങ്ങളെയോ മനസ്സിന്റെ സങ്കീർണ്ണങ്ങളും ക്രിയാത്മകങ്ങളുമായ പ്രവർത്തനങ്ങളെയോ ശരിക്കു വിശകലനം ചെയ്യാൻ അവർക്ക് സാധിച്ചില്ല. അതുകൊണ്ടാണ് അവർക്ക് ആത്മീയവാദികളുടെ വെല്ലുവിളികളെ സമർത്ഥമായി നേരിടാൻ കഴിയാതെ പോയത്. ഒരർത്ഥത്തിൽ, ഭൗതികവാദത്തിന്റെ അശാസ്ത്രീയവും ഏകപക്ഷീയവുമായ നിഗമനങ്ങൾക്ക് കിട്ടിയ ഒരു തിരിച്ചടിയാണ് ആത്മീയവാദം എന്നുപറയാം. അതുകൊണ്ടാണ് “അപരിഷ്കൃതവും ലളിതവുമായ യാന്ത്രിക ഭൗതികവാദത്തിന്റെ നിലപാടിൽ നിന്നു നോക്കുമ്പോൾ മാത്രമേ ദാർശനികമായ ആത്മീയവാദം അസംബന്ധമായി തോന്നുകയുള്ളൂ”. [1] എന്ന് ലെനിൻ ചൂണ്ടിക്കാണിച്ചത്. പക്ഷേ, ആത്മീയവാദവും അപൂർണ്ണമായിരുന്നു, ഏകപക്ഷീയവും ഭാഗികവുമായിരുന്നു. ചേതനയുടെ ആവിർഭാവത്തെയും മാറ്റങ്ങളെയും ശാസ്ത്രീയമായി അപഗ്രഥിച്ചു പഠിക്കുന്നതിനുപകരം അമിതമായ പ്രാധാന്യം നൽകിക്കൊണ്ട് അതിനെ ഒരു കേവലതത്വമായി ചിത്രീകരിക്കുകയാണ് ആത്മീയവാദികൾ ചെയ്തത്.

---

1. V. I. Lenin: Materialism and Empiriocriticism.

## 3 ആത്മീയവാദവും മതവും

മധ്യകാലത്ത് ആത്മീയവാദത്തിന്റെ പിന്തുണയോടുകൂടിയാണ് ദൈവവിശ്വാസങ്ങൾക്കും മതവിശ്വാസങ്ങൾക്കും കൂടുതൽ പ്രചാരം ലഭിച്ചത്. ക്രമത്തിൽ മതത്തിനായി കൂടുതൽ പ്രാധാന്യം. കേവലമായ ചൈതന്യത്തിൽ നിന്നാണ് പ്രപഞ്ചം ഉത്ഭവിച്ചത് എന്നു വാദിച്ച പ്രാചീന കാലത്തെ ആത്മീയ വാദത്തിന് എന്തൊക്കെത്തന്നെ അപൂർണ്ണതകളുണ്ടായിരുന്നുവെങ്കിലും അത് മനുഷ്യന്റെ അദമ്യമായ സത്യാന്വേഷണതൃഷ്ണയെ പ്രോത്സാഹിപ്പിച്ചു എന്ന കാര്യത്തിൽ സംശയമില്ല. മധ്യകാലത്താകട്ടെ, ആത്മീയവാദം മതത്തിന്റെ ഒരു കീഴ്ഘടകം മാത്രമായി മാറി. ശങ്കരാചാര്യർക്ക് ശേഷമാണ് ഈ മാറ്റം കൂടുതൽ പ്രകടമായിത്തീർന്നത്.

പ്രാചീനകാലത്ത്, ചേതനയിൽ നിന്ന് ഭൗതികവസ്തുക്കളുത്ഭവിച്ചുവോ അതോ, ഭൗതികസത്തയിൽ നിന്ന് ചേതനയാവിർഭവിച്ചുവോ എന്നതായിരുന്നു മുഖ്യമായ ചർച്ചാവിഷയം. ഈ പ്രശ്നത്തിന്റെ ഭാഗങ്ങളെന്ന നിലയ്ക്കാണ് മനുഷ്യനും പ്രപഞ്ചവും തമ്മിലും ആത്മാവും ബ്രഹ്മവും തമ്മിലും ഉള്ള ബന്ധങ്ങൾ ചർച്ച ചെയ്യപ്പെട്ടത്. മധ്യകാലത്ത്, പ്രത്യേകിച്ചും ശങ്കരന് ശേഷം ബ്രഹ്മത്തിന്റെ സ്വഭാവമായിരുന്നു മുഖ്യമായ ചർച്ചാവിഷയം. ഭൗതിക പ്രപഞ്ചവും ജീവാത്മാവും ദൈവവും മനുഷ്യർക്കിടയിലുള്ള ഉച്ചനീചത്വങ്ങളും സ്വാർത്ഥം, ദുരഹങ്കാരം, മത്സരം തുടങ്ങിയ ദുർഗ്ഗുണങ്ങളും മറ്റും വ്യാവഹാരിക ജീവിതത്തിലെ യാഥാർത്ഥ്യങ്ങളാണെങ്കിലും കേവലബ്രഹ്മമെന്ന പാരമാർത്ഥിക സത്യത്തിന്റെ നിലപാടിൽ നിന്നു നോക്കുമ്പോൾ അവയെല്ലാം മിഥ്യയാണെന്നും യഥാർത്ഥത്തിൽ ബ്രഹ്മം മാത്രമേ നിലനിൽക്കുന്നുള്ളൂ എന്നുമാണ് ശങ്കരൻ വാദിച്ചത്. ശങ്കരന്റെ നിരങ്കുശമായ ഈ ഏകതത്വവാദത്തെ ചോദ്യം ചെയ്തുകൊണ്ടാണ് രാമാനുജന്റെ വിശിഷ്ടാദ്വൈതവും മധ്വന്റെ ദ്വൈതവും നിംബാർക്കന്റെ ദ്വൈതാദ്വൈതവും വല്ലഭന്റെ ശുദ്ധാദ്വൈതവും മറ്റും ഉയർന്നുവന്നത്. ഈ പിൽക്കാല വേദാന്തികളെല്ലാവരും തന്നെ ബ്രഹ്മത്തിന്റെ പരമോന്നത പദവിയെ അംഗീകരിച്ചു എന്നത് ശരിയാണ്. പക്ഷേ, ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ, അവരെല്ലാം യഥാർത്ഥത്തിൽ ദ്വൈതവാദികളായിരുന്നു. ബ്രഹ്മംപോലെ തന്നെ ജഗത്തും സത്യമാണെന്ന് അവർ വാദിച്ചു. മൂലകാരണം ബ്രഹ്മം തന്നെ. പക്ഷേ, ബ്രഹ്മം നിർഗ്ഗുണമല്ല, സഗുണമാണ്. സഗുണബ്രഹ്മമെന്നുവെച്ചാൽ സർവഗുണസമ്പന്നനായ പരമാത്മാവ്, അല്ലെങ്കിൽ സർവജ്ഞനും സർവശക്തനും ദയാനിധിയും സൃഷ്ടിസ്ഥിതിസംഹാരങ്ങളുടെ കർത്താവുമായ ജഗദീശ്വരൻ. ജീവാത്മാവിന്റെ നിലനിൽപ്പും അഭിവൃദ്ധിയും പരമാത്മാവിന്റെ ദയയെ ആശ്രയിച്ചിരിക്കുന്നു. ദൈവത്തെ ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും സ്തുതിക്കുകയും ചെയ്യുക; എല്ലാം ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കുക—ഇതാണ് മോക്ഷത്തിനുള്ള വഴി. ഇങ്ങനെ ബ്രഹ്മത്തെക്കുറിച്ചുള്ള പുതിയ വ്യാഖ്യാനങ്ങളിലൂടെ ദൈവഭക്തിയും ദൈവത്തെ പ്രീതിപ്പെടുത്താൻ വേണ്ടിയുള്ള മതചടങ്ങുകളും തിരിച്ചുവന്നു. ഈശ്വരനും ബ്രഹ്മവും കൂട്ടിക്കുഴയ്ക്കപ്പെട്ടു. വിഷ്ണുവോ ശിവനോ ശക്തിയോ ഭഗവതിയോ ഏതെങ്കിലുമൊന്ന് പ്രധാന ദൈവമായി ആരാധിക്കപ്പെട്ടു. അതോടൊപ്പംതന്നെ രണ്ടാം കിടക്കാരും മൂന്നാം കിടക്കാരുമായ മറ്റു ദൈവങ്ങളും നിലനിന്നുപോന്നു. മധ്യകാലത്താണ് ഇന്ത്യയിൽ ദൈവങ്ങളുടെ എണ്ണം വർദ്ധിച്ചത്. ഓരോ കുലത്തിനും പ്രത്യേകമായ കുലദേവതയുണ്ടായിരുന്നു. മഹാഭാരതത്തിലെയും രാമായണത്തിലെയും പുരാണങ്ങളിലെയും പല കഥാപാത്രങ്ങളും ദൈവങ്ങളുടെ സ്ഥാനം കരസ്ഥമാക്കി. ചിലർ ദൈവത്തിന്റെ അവതാരങ്ങളായി കണക്കാക്കപ്പെട്ടു. ഉയർന്ന ജാതിക്കാർക്കും പ്രത്യേകം പ്രത്യേകം ദൈവങ്ങളുണ്ടായിരുന്നു. ജാതിവ്യവസ്ഥയും ജാതിധർമ്മങ്ങളുമായിരുന്നു ഹിന്ദുമതത്തിന്റെ മുഖ്യഘടകങ്ങൾ. നാട്ടുവാഴി വ്യവസ്ഥയിലെ അസമത്വങ്ങളെയും ചൂഷണങ്ങളെയും ന്യായീകരിക്കാനുള്ള ഉപാധികളായിത്തീർന്നു മതവും ദൈവവിശ്വാസവും.

## 4 മതം പുരോഗമനപരമോ പിന്തിരിപ്പനോ?

എന്നാൽ, മധ്യകാലത്തെ ആത്മീയവാദചിന്തകളും മതവിശ്വാസങ്ങളും എല്ലാം ഒരുപോലെ അന്ധവിശ്വാസജഡിലങ്ങളും പ്രതിലോമപരങ്ങളുമാണെന്നു പറഞ്ഞു തള്ളിക്കളയുന്നത് അശാസ്ത്രീയമാവും. എന്തെന്നാൽ, മറ്റെല്ലാറ്റിനെയുമെന്നപോലെ മതങ്ങൾ, ദാർശനിക ചിന്തകൾ മുതലായവയെയും അവയുടെ സാമൂഹ്യവും ചരിത്രപരവുമായ പശ്ചാതലത്തിൽ വെച്ചുവേണം പരിശോധിക്കുക. ഇതാണ് ശാസ്ത്രീയമായ പരിശോധനാമാർഗ്ഗം. ദാർശനികചിന്തകളും മതവിശ്വാസങ്ങളും സാമൂഹ്യജീവിതത്തിലും മാനുഷികബന്ധങ്ങളിലും വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നുള്ളതു ശരിയാണ്. എന്നാൽ, സാമൂഹ്യജീവിതത്തിലെ വൈരുദ്ധ്യങ്ങൾ ദാർശനിക ചിന്തകളിലും മതവിശ്വാസങ്ങളിലും സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന കാര്യവും നിഷേധിക്കാൻ വയ്യ. മധ്യകാലത്തെ മതവിശ്വാസങ്ങൾക്കും തത്വചിന്തകൾക്കും അക്കാലത്തെ സാമൂഹ്യസാഹചര്യങ്ങളുടെ—നാടുവാഴിത്തചൂഷണത്തിന്റെയും ജാതിവ്യവസ്ഥയുടെയും—പരിമിതികളുണ്ടായിരുന്നു. സവർണ്ണജാതിക്കാരായ നാടുവാഴി മേധാവികൾ തങ്ങളുടെ സ്ഥാപിത താൽപ്പര്യങ്ങളെ നിലനിർത്താൻ വേണ്ടി ആത്മീയവാദത്തെയും മതവിശ്വാസത്തെയും ഉപയോഗപ്പെടുത്തിയെന്നത് നേരാണ്. പക്ഷേ, ഇതിന്റെയർത്ഥം മധ്യകാലത്തെ എല്ലാത്തരം ആത്മീയവാദചിന്തകളും മതവിശ്വാസങ്ങളും നാടുവാഴിത്ത ചൂഷണത്തെയും ജാതിവ്യത്യാസങ്ങളെയും ഉറപ്പിക്കാൻ പറ്റിയവയായിരുന്നു എന്നല്ല. ദാർശനികചിന്തകളും മതവിശ്വാസങ്ങളും ജനങ്ങളുടെ സംഘട്ടനാത്മകങ്ങളായ വികാരങ്ങളെയും സമൂഹത്തിലെ വ്യത്യസ്തവർഗ്ഗങ്ങളുടെ പരസ്പരവിരുദ്ധങ്ങളായ അഭിലാഷങ്ങളെയുമാണ് പ്രതിഫലിപ്പിച്ചത്. യഥാർത്ഥ ഭൗതികസാഹചര്യങ്ങളിലെ സംഘട്ടനങ്ങളും സാമൂഹ്യജീവിതത്തിലെ വർഗ്ഗസമരങ്ങളും മാനുഷികബന്ധങ്ങളിലെ ജാതിമത്സരങ്ങളും മൂർഛിച്ചപ്പോൾ ദാർശനിക–മതവിശ്വാസങ്ങളുടെ സ്വഭാവത്തിലും മാറ്റം കാണപ്പെട്ടു. മർദ്ദിത ജനവിഭാഗങ്ങളുടെ ദൈവവിശ്വാസവും മതബോധവും ചൂഷണവ്യവസ്ഥയ്ക്കെതിരായ പ്രവണതകൾ പ്രകടിപ്പിക്കാൻ തുടങ്ങി. മാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ, മതവിശ്വാസങ്ങൾ മർദ്ദനമനുഭവിക്കുന്നവർക്ക് ഒരാശ്വാസവും ഹൃദയഹീനമായ ഒരു ലോകത്തിലെ ഹൃദയവും മാത്രമല്ല, യഥാർത്ഥലോകത്തിലെ യഥാർത്ഥ ദുരിതങ്ങൾക്കെതിരായ പ്രതിഷേധ പ്രകടനങ്ങൾ കൂടിയായിത്തീർന്നു. [2] ഇന്ത്യയിൽ പതിനാലാം നൂറ്റാണ്ട് മുതൽക്ക് ഇത്തരം മാറ്റങ്ങൾ കൂടുതൽ കൂടുതൽ പ്രകടമാവാൻ തുടങ്ങി. നീതിമാനും ദയാനിധിയുമായ ദൈവത്തോടുള്ള പ്രാർത്ഥനകളിൽ ഐഹികജീവിതത്തിലെ അനീതികൾക്കും നിർദ്ദയതകൾക്കുമെതിരായ പ്രതിഷേധസ്വരങ്ങൾ നിഴലിക്കാൻ തുടങ്ങി. സർവഗുണസമ്പന്നമായ സഗുണബ്രഹ്മത്തിലുള്ള വിശ്വാസം ലോകത്തിലെ എല്ലാ മനുഷ്യരും ഉച്ചനീചത്വം കൂടാതെ സമത്വത്തിലും സാഹോദര്യത്തിലും ജീവിക്കണമെന്ന അഭിലാഷത്തിന്റെ പ്രകടനമായിത്തീർന്നു. ഭക്തിമാർഗ്ഗവും ലൗകികദുരിതങ്ങളിൽ നിന്നു മോചനം നേടാനുള്ള പ്രായോഗികമാർഗ്ഗവും കൂടിക്കലർന്നു. അങ്ങനെ മതം മർദ്ദിതജനവിഭാഗങ്ങൾക്ക് സ്വന്തം ഭാവിയെക്കുറിച്ചുള്ള ആശയുടെയും ശുഭാപ്തിവിശ്വാസത്തിന്റെയും വെളിച്ചം കാണിച്ചു കൊടുത്തു. മറ്റൊരുവിധം പറഞ്ഞാൽ, മതവിശ്വാസങ്ങളുടെ പരിധികൾക്കുള്ളിൽ നിന്നുകൊണ്ടാണ് താണവർഗ്ഗക്കാർ ഉയർന്ന വർഗ്ഗക്കാർക്കെതിരായ തങ്ങളുടെ സമരങ്ങൾ സംഘടിപ്പിച്ചത്.

പുറമെ നിന്നുള്ള മുസ്ലീങ്ങളുടെ വരവും ഇസ്ലാംമതത്തിന്റെ സ്വാധീനവും ഈ സമരങ്ങളെ കൂടുതൽ സങ്കീർണ്ണങ്ങളാക്കി തീർത്തു.

---

2. Marx and Engels: On Religion.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ശുദ്ധാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്ക്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10